Member sworn in.

MR. M. GOVINDA PILLAI (*Financial Secretary to Government*) took the oath and signed the rolls.

DISCUSSION ON THE REPORT OF THE WORKING OF THE PUBLIC SERVICE RECRUITMENT RULES, (*contd*)

PRESIDENT : I have been asking various honourable members as to what in their opinion would be the most expeditious means of getting through the business. A certain amount of general observations would be inevitable and I think—I entirely leave to it the honourable members to decide—about lunch time today we ought to be able to finish the general observations. So, I am suggesting for the consideration of this House that in view of the fact that various honourable members have to put forward resolutions and amendments, and if they do this one by one much time will be taken, the best way for dealing with the matter is for the honourable members, who want to speak, to send in their names to the Secretary who will prepare a list by which the debate can be guided.

MR. T. T. KESAVAN SASTRI : സർ, പബ്ളിക്കുസർവീസ് കമ്മീഷണരുടെ റിപ്പോർട്ടിലെ ചില സൂചനകളെ പരാമർശിച്ചുകൂടി ചിലതു് പറയേണ്ടതായിട്ടുണ്ടു്. സർവീസിൽ പ്രാതിനിധ്യമില്ലാതിരുന്ന സമുദായങ്ങൾക്കു് കമ്മീഷണരുടെ നിയമനമനുസരിച്ചു ഗുണമുണ്ടായിട്ടുള്ളതായി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതു് സബഹുമാനം അനുസമരിക്കുന്നു. എന്നാൽ പുലയസമുദായത്തിനു ആ ഗുണമുണ്ടായിട്ടില്ലെന്നും അവരുടെ സാക്ഷരതപം അത്രത്തോളം കുറവാണെന്നും പറയുന്നു. കമ്മീഷണരുടെ ഈ അഭിപ്രായം ശരിയാണോ എന്നു സംശയമുണ്ടു്. പുലയസമുദായത്തിൽ മലയാളം, ഇംഗ്ലീഷു്, സംസ്കൃതം മുതലായ ഭാഷകളിൽ ഗവണ്മെൻറു പരീക്ഷകളും പാസായിട്ടുള്ളവരും സർവീസ് ചട്ടപ്രകാരം പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരും സാമാന്യവിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരും ഇതേവരെ യാതൊരു ജോലിയും ലഭിച്ചിട്ടില്ലാത്തവരുമൊട്ടും കുറവല്ലെന്നുള്ള വസ്തുത എനിക്കു ശരിയായി അറിയാവുന്നതാണു്. ആളില്ലെന്നു് കമ്മീഷണർക്കു് സംശയമുണ്ടെങ്കിൽ അപേക്ഷകരെ അന്വേഷിച്ചുണ്ടായാൽ ഈ സമുദായത്തിൽ നിന്നു തന്നെ ഹാജരാക്കാൻ ഞാൻ തയാറാണു്. പുലയക്കു് വിദ്യാഭ്യാസസൗകര്യം ലഭിച്ച സമയത്തെക്കുറിച്ചു് കമ്മീഷണക്കു് അറിവുണ്ടായിരിക്കയില്ലെന്നു തോന്നുന്നു.

വേറൊന്നു പറയാനുള്ളതു് ആക്ടിംഗ്നിയമനങ്ങളെക്കുറിച്ചാണു്. ഒരു മാസത്തിൽ കവിയാത്ത നിയമനങ്ങൾ നടത്താൻ ഡിപ്പാർട്ടുമെൻറു മേലധികാരികൾക്കു് അധികാരമുള്ളതായി കമ്മീഷണർ ഒരിക്കൽ ഇവിടെ പ്രസ്താവിച്ചിരുന്നു. എന്നാൽ മിക്കവാറും ഡിപ്പാർട്ടുമെൻറു് മേല

LIBRARY ARCHIVES Kerala Legislative Assembly